**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 ഒക്ടോബർ 8, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസപ്പെടുത്തിക്കൊണ്ടിരുന്നു. ചോദ്യകർത്താക്കൾ (*241)-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹു. സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

33 (*242) റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ഈ സർക്കാരിന്റെ കാലയളവിൽ ആർ.ബി.ഡി.സി.കെ. എട്ട് റെയിൽവെ മേൽപ്പാലങ്ങളുടെയും ബ്രിഡ്ജസ് വിഭാഗം ഒരു മേൽപ്പാലത്തിന്റെയും കെ.ആർ.ഡി.സി.എൽ. ഒരു റെയിൽവെ അടിപ്പാതയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 24 റെയിൽവെ മേൽപ്പാലങ്ങളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 'ലെവൽ ക്രോസ് ഇല്ലാത്ത കേരളം' പദ്ധതിയിലുൾപ്പെട്ട 72 റെയിൽവെ മേൽപാലങ്ങളുടെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ടെന്നും റെയിൽവെ ലൈനിന് മുകളിലുള്ള പാലങ്ങളുടെ പ്രവൃത്തി റെയിൽവെയുടെ സഹകരണത്തോടെ പുരോഗമിക്കുന്നുണ്ടെന്നും കാലതാമസം ഒഴിവാക്കുന്നതിനായി റെയിൽവെ ഭാഗം ഉൾപ്പെടെയുള്ള മേൽപ്പാലം നിർമ്മാണം ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത് നടത്തിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നിലമ്പൂർ യാർഡ് ഗേറ്റിലെ അണ്ടർപാസിന്റെയും മുളന്തുരുത്തി,

തിരൂർ റെയിൽവെ ഓവർ ബ്രിഡ്ജുകളുടെയും നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വെള്ളയിൽ റെയിൽവെ അണ്ടർപാസിന്റെ പ്രവൃത്തി ടെൻഡറിങ് സ്റ്റേജിലാണെന്നും കിഫ്ബി, പൊതുമരാമത്ത് പദ്ധതികളിലുൾപ്പെടുത്തി 70 ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിന് 2403.42 ലക്ഷം രൂപയും പഴയങ്ങാടി അണ്ടർപാസിന് 7 കോടി രൂപയും കാരിത്താസ്-പൊൻമുണ്ടം ബൈപാസ് റെയിൽവെ ഓവർ ബ്രിഡ്ജിന് 33 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

34 (*243) 'വി-പാർക്ക്' പദ്ധതി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ മേൽപ്പാലങ്ങൾക്കുതാഴെയുള്ള ഭാഗം വിനോദോപാധികൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ വികസിപ്പിക്കുവാനാണ് 'വി-പാർക്ക്' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. പദ്ധതിയുടെ ഭാഗമായി നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കളിസ്ഥലങ്ങൾ, ഓപ്പൺ

ജിം, പാർക്കിങ് സൗകര്യം, പൂന്തോട്ടങ്ങൾ തുടങ്ങിയവ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആദ്യഘട്ടത്തിൽ 19 സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മുളങ്കുന്നത്ത്കാവ്, അത്താണി, ചെമ്പിശേരി മീൻചന്ത എന്നീ റെയിൽവെ മേൽപ്പാലങ്ങൾക്ക് താഴെ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഗുരുവായൂർ, ദേവദാർ, മൂച്ചിക്കൽ, പന്നിയങ്കര റെയിൽവെ മേൽപ്പാലങ്ങളുടെ താഴെ പദ്ധതി നടപ്പാക്കുന്നതിന് NOC നൽകിയിട്ടുണ്ടെന്നും മുഴപ്പിലങ്ങാട് റെയിൽവെ മേൽപ്പാലത്തിനുതാഴെ പദ്ധതി നടപ്പാക്കുന്നതിന് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സാധ്യമായ എല്ലാ സ്ഥലത്തും പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും 'വി-പാർക്ക്'-ന്റെ മേൽനോട്ടത്തിന് എം.എൽ.എ. ചെയർമാനായ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും ഇരവിപുരം മണ്ഡലത്തിൽ 'വി-പാർക്ക്' പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35 (*244) സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വനിതാ യാത്രികരെയും ടൂറിസം മേഖലയിലെ വനിതാ സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിന് 'സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി' നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കാനുള്ള പരിശീലനം നൽകുന്നതിനും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ ജൻഡർ ഇൻക്ലൂസീവ് ടൂറിസം & റെസ്പോൺസിബിൾ ടൂറിസം 2024 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്തുവച്ച് നടത്താനായെന്നും യു.എൻ. വിമൺ മുതൽ ഗ്രാമ പഞ്ചായത്തുതലം വരെയുള്ള സ്ത്രീ സൗഹൃദ ടൂറിസം പ്രയോക്താക്കളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കാനായെന്നും ലോകശ്രദ്ധയാകർഷിച്ച 'കേരള ഡിക്ലറേഷൻ ഓൺ ജെൻഡർ ഇൻക്ലൂസീവ് ആൻഡ് വിമൻ ഫ്രണ്ട്‌ലി ടൂറിസം'

പ്രഖ്യാപനമുണ്ടായെന്നും മന്ത്രി വ്യക്തമാക്കി. സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ ബ്ലോഗർമാരെയും വനിതാ ടൂർ ഓപ്പറേറ്റർമാരെയും ഫാം ട്രിപ്പുകളുടെ ഭാഗമാക്കി മാറ്റുകയും ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡി, ടൂറിസം കേന്ദ്രങ്ങളുടെ ജൻഡർ ഓഡിറ്റ് എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്യാമറകൾ സ്ഥാപിക്കുകയും സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾക്ക് ഒറ്റത്തവണ ധനസഹായം നൽകുകയും വീഡിയോകളും ബോർഡുകളും സ്ഥാപിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. വനിതാ വികസന കോർപ്പറേഷനുമായി ചേർന്ന് പലിശ സബ്സിഡിയോടെ വായ്പ നൽകുന്ന പദ്ധതിക്ക് രൂപം നൽകിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

36 (*245) <u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾ</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങളുടെ പ്രായോഗിക പഠനത്തിന് 'സയൻസ് ലാബ് നവീകരണം',

'സ്റ്റീം ഇക്കോസിസ്റ്റം', 'ശാസ്ത്രപാർക്കുകൾ' എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും 20 ഹയർ സെക്കൻഡറി സ്കൂളുകളിൽ സയൻസ് ലാബ് നവീകരണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 6 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിലെ സർഗാത്മക കഴിവ് ഉപയോഗപ്പെടുത്തുന്നതിന് ബഡ്ഡിങ് റൈറ്റേഴ്സ് പ്രോഗ്രാം, സാഹിത്യസൃഷ്ടികൾ എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി സ്കൂൾ ലൈബ്രറികൾക്കും കുട്ടികൾക്കും നൽകുന്ന 'എഴുത്തുപച്ച', കോവിഡ് കാലത്ത് ഒറ്റപ്പെട്ടുപോയ സ്കൂൾ കുട്ടികളെ ചേർത്തുപിടിക്കാനും ഒറ്റപ്പെടലിനെ സാധ്യതകളാക്കി മാറ്റാനും 'അക്ഷരവൃക്ഷം', പ്രൈമറി കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് "കുഞ്ഞുവായന" എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. അടിസ്ഥാന ഭാഷാ-ഗണിത ശേഷി മെച്ചപ്പെടുത്തുന്നതിന് നിപുൺ ഭാരത് മിഷന്റെ ഭാഗമായി 'ഹലോ ഇംഗ്ലീഷ്", 'വർണ്ണക്കൂടാരം', 'ഉല്ലാസ ഗണിതം' തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കാലാവസ്ഥ ബോധവൽക്കരണത്തിന് 248 സ്കൂളുകളിൽ വെതർ സ്റ്റേഷൻ ആരംഭിക്കുകയും പ്രസ്തുത സ്കൂളുകളിലെ

കുട്ടികളെയും ജ്യോഗ്രഫി അധ്യാപകരെയും പങ്കെടുപ്പിച്ച് 'മൺസൂണും കുട്ടികളും' എന്ന പരിപാടിയും ഏകദിന ശില്പശാലയും സംഘടിപ്പിക്കുകയും ഇതിന്റെ തുടർച്ചയായി വെതർ കോൺക്ലേവ് നടത്തുകയും ചെയ്തിട്ടുണ്ട്. യു.പി., ഹൈസ്കൂൾ കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ താല്പര്യം വർധിപ്പിക്കുന്നതിന് 791 സ്കൂളുകളിൽ ശാസ്ത്രപാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ടെന്നും കുട്ടികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന് സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ 'അക്ഷരക്കൂട്ട്'' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടെന്നും കുട്ടികളുടെ മികച്ച രചനകൾ SCERT-യുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37 (*246) പൊതുവിദ്യാഭ്യാസ രംഗത്തെ പുരോഗതി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 15 വർഷത്തെ കണക്കുകൾ താരതമ്യപ്പെടുത്തി വിദ്യാഭ്യാസ

പുരോഗതി വിലയിരുത്തിയിട്ടുണ്ടെന്നും 2016-17 മുതൽ പ്രൈമറി ക്ലാസ്സുകളിലും പ്ലസ് വൺ കോഴ്സിനും ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലെ മികവ്, കാര്യക്ഷമമായ മൂല്യനിർണ്ണയം, ഹയർ സെക്കൻഡറി അധ്യാപകർക്ക് നൽകുന്ന പരിശീലനം മുതലായവ കുട്ടികളുടെ കാര്യക്ഷമതയും വിജയശതമാനവും വർധിപ്പിച്ചിട്ടുണ്ടെന്നും കോവിഡ് മഹാമാരി കാലത്ത് ഓൺലൈൻ ക്ലാസുകളിലൂടെ വിദ്യാഭ്യാസ മേഖലയെ സംരക്ഷിച്ച് നിർത്താനായെന്നും മന്ത്രി വ്യക്തമാക്കി. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് വീഡിയോ ക്ലാസുകളും ഇന്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന 'ക്രാക് ദ എൻട്രൻസ്' പരിപാടി 2023-24-ലും പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞുള്ള എല്ലാ പ്രവേശന പരീക്ഷകൾക്കും പരിശീലനം നൽകുന്നതിന് 'കീ ടു എൻട്രൻസ്' പദ്ധതി 2024-25-ലും കൈറ്റ് നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും രാവിലെ 9.50-ന് സഭ താല്ക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.)

..................